യൂണിറ്റൊന്നിന് ഈടാക്കുന്ന വൈദ്യുതി നിരക്ക്

58. [2017] ശ്രീ. എ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത ചാർജ് യൂണിറ്റൊന്നിന് എത്ര പൈസയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഹൈടെൻഷൻ, ലോടെൻഷൻ, ഗാർഹികം എന്നീ വിഭാഗങ്ങളിൽ ഈടാക്കി വരുന്ന വൈദ്യുതി ചാർജിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ശരാശരി വൈദ്യുതി ചാർജ് യൂണിറ്റ് ഒന്നിന് 97 പൈസയാണ്.

(ബി) ഹൈടെൻഷൻ, ലോടെൻഷൻ, ഗാർഹികം എന്നീ വിഭാഗങ്ങളിൽ ഈടാക്കിവരുന്ന വൈദ്യുതി ചാർജിന്റെ ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

വിദ്യുച്ഛക്തി കുടിശ്ശിക ബില്ലുകൾ
യഥാസമയം നൽകാൻ നടപടി

59 [2018] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് യഥാസമയം കുടിശ്ശിക ബില്ലുകൾ നൽകാത്തതിനാൽ കുടിശ്ശിക ബിൽ തുക വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ യഥാസമയം കുടിശ്ശിക ബില്ലുകൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യഥാസമയം കുടിശ്ശിക ബില്ലുകൾ നൽകാൻ വേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡ് ഓഫീസിലെ റിക്കാർഡുകൾ
മൈക്രോഫിലിം ചെയ്യുന്നതിന് നടപടി

60 [2023] ശ്രീ. ജോർജ് മുസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പട്ടം ഓഫീസിലെ ബുക്കുകളും റെക്കോർഡുകളും മൈക്രോഫിലിം ചെയ്യുന്നതിനായി കമ്മീഷൻ ക്ഷണിച്ചിരുന്നോ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്നാണ് കമ്മീഷൻ ക്ഷണിച്ചിരുന്നത്; എത്ര പേർ കമ്മീഷൻ നൽകിയിരുന്നു;

(സി) കുറഞ്ഞ നിരക്ക് കാട്ടു ചെയ്ത കമ്മീഷൻ നൽകിയിരുന്ന ആളിന് പ്രസ്തുത വർക്ക് നൽകിയില്ല എന്നതു സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 24-11-1995-ന്, കമ്മീഷൻ ക്ഷണിച്ചിരുന്നു. 11 പേർ കമ്മീഷൻ നൽകിയിരുന്നു.

(സി) ഉണ്ട്.

(ഡി) പരാതിയിലെ ആരോപണങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബോർഡിലെ ഒരു വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൈക്കൂലി വാങ്ങിയത് സംബന്ധിച്ച അന്വേഷണം

61 [2029] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ വാൽപ്പാറ പട്ടയക്കുടി ഐ.എച്ച്.ഡി.പി. കോളനിയിൽ വൈദ്യുതീകരണത്തിനുള്ള എസ്റ്റിമേറ്റ് എടുക്കാൻ പോയ വണ്ണപ്പുറം ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻ ആദിവാസികളിൽനിന്നും കൈക്കൂലി വാങ്ങിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വടക്കുംപുറം ഇലക്ട്രിക്കൽ സെക്ഷൻ കെട്ടിടം പണിയുന്നതിന് നടപടി

62 [2030] ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ചേന്ദമംഗലം പഞ്ചായത്തിലെ വടക്കുംപുറം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; പ്രസ്തുത പണി നടത്തുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആഫീസിന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമോ; എങ്കിൽ എന്ന് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly